GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 02/07/2026

1. ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്കിലെ നെടുവത്തൂർ, പൂയപ്പള്ളി, വെളിയം, കരിപ്ര, ഏഴുകോൺ, കൊട്ടാരക്കര മുനിസിപ്പാലിറ്റി എന്നീ കൃഷിഭവനുകളിൽ 6 ഇനം വിത്തുകൾ ഉള്ള പച്ചക്കറി വിത്ത് പാക്കറ്റുകൾ 10 രൂപ നിരക്കിൽ ലഭ്യമാണ്. കർഷകർ അതാത് കൃഷിഭവനുകളുമായി ബന്ധപ്പെടണമെന്ന് കൊട്ടാരക്കര ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ധന്യ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9383470353, 9383470354,9383470354, 9383470350, 9383470356, 9383470352, 9383470360, 9383470358 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

2. തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തും, സംസ്ഥാന കൃഷിവകുപ്പും, കുടുംബശ്രീയും, സഹകരണ സംഘങ്ങളും വ്യാപാരി

വ്യവസായി ഏകോപന സമിതിയും സംയുക്തമായി 2026 ജൂലായ് 3, 4, 5 തിയ്യതികളിൽ വലപ്പാട് ചന്തപ്പടി മൈതാനിയിൽ വെച്ച് ഞാറ്റുവേലചന്ത സംഘടിപ്പിക്കുന്നു. ഞാറ്റുവേലകളെ അടിസ്ഥാനപ്പെടുത്തിയുള്ള പരമ്പരാഗത കൃഷിരീതി കേരളത്തിന്റെ ഒരു മുതൽക്കൂട്ടാണ്. കാർഷിക പദ്ധതികളെ സംബന്ധിച്ച് കർഷകരിൽ അവബോധം ജനിപ്പിക്കുകയും കർഷകർക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത സമയബന്ധിതമായി ഉറപ്പാക്കുന്നതിനും വേണ്ടി ഞാറ്റുവേലച്ചന്തകളും കർഷക സഭകളും കർഷകർക്ക് ഗുണപ്രദമാകും. ഞാറ്റുവേലചന്തയിൽ വിത്ത്/നടീൽ വസ്തുക്കൾ, പച്ചക്കറി തൈകൾ, ജൈവവളം, ജൈവ കീടനാശിനി, കാർഷിക മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, കാർഷികേതര ഉൽപന്നങ്ങൾ എന്നിവയുടെ വിൽപനയും ഉണ്ടായിരിക്കുന്നതാണ്. ഞാറ്റുവേലചന്തയുടെ ഉദ്ഘാടനം ഇന്ന് (2026 ജൂലായ് 2 വ്യാഴാഴ്ച) വൈകീട്ട് 5 മണിക്ക് നാട്ടിക നിയോജകമണ്ഡലം MLA ഗീത ഗോപി നിർവ്വഹിക്കുന്നു. സമാപന ഉദ്ഘാടനം ഞായറാഴ്ച വൈകീട്ട് 7 മണിക്ക് തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രഞ്ജില ഗിരി നിർവ്വഹിക്കുന്നു.

3. മലപ്പുറം ജില്ലയിലെ വാഴയൂർ ഗ്രാമപഞ്ചായത്ത് കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ഞാറ്റുവേല ചന്ത ജൂലൈ 3, 4 (വെള്ളി, ശനി) തീയതികളിൽ കാരാട് ഇ.എം.എസ് സമുച്ചയത്തിന് സമീപം നടക്കും.

വൈവിധ്യമാർന്ന കാർഷിക ഉൽപ്പന്നങ്ങളുടെയും തൈകളുടെയും പ്രദർശനവും വിപണനവും ചന്തയുടെ ഭാഗമായി ഉണ്ടായിരിക്കും. ഞാറ്റുവേല ചന്തയോടനുബന്ധിച്ച്, 'ആത്മ കിസാൻ ഗോഷ്ഠി'യുടെ ഭാഗമായി ജൂലൈ 4 ശനിയാഴ്ച 'തേനീച്ച കൃഷിയിലൂടെ വരുമാനം' എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്. രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയാണ് പരിശീലനം. സംസ്ഥാന അവാർഡ് ജേതാവായ മലപ്പുറം എടപ്പറ്റ സ്വദേശി ശ്രീ. ഉമറലി ശിഹാബ് ക്ലാസുകൾക്ക് നേതൃത്വം നൽകും. തേനീച്ച വളർത്തലിലെ ആധുനിക രീതികൾ, വരുമാന വർദ്ധനവിനുള്ള സാധ്യതകൾ എന്നിവയെക്കുറിച്ച് അദ്ദേഹം വിശദീകരിക്കും. മുഴുവൻ സമയവും പങ്കെടുക്കാൻ താല്പര്യമുള്ള കർഷകർക്കും പൊതുജനങ്ങൾക്കുമാണ് പരിശീലനത്തിൽ അവസരം. പങ്കെടുക്കാൻ താല്പര്യമുള്ളവർ താഴെ കാണുന്ന ലിങ്ക് വഴി മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്നവർ നിർബന്ധമായും ക്ലാസിൽ പങ്കെടുക്കേണ്ടതാണെന്ന് കൃഷിഭവൻ അധികൃതർ അറിയിച്ചു.

പരിശീലനത്തിനുള്ള രജിസ്ട്രേഷൻ ലിങ്ക്: https://form.svhrt.com/6a44cc2c3fd706abb30c45f3 കൂടുതൽ വിവരങ്ങൾക്ക് വാഴയൂർ കൃഷിഭവനുമായി ബന്ധപ്പെടുക.

4. മൃഗാരോഗ്യം, ക്ഷീര നവീകരണം, ഗ്രാമീണ സംരംഭകത്വം എന്നീ മേഖലകളിലെ പുതുമയാർന്ന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി കാർഷിക കോളേജിന്റെ കെ-അഗ്ടെക് ലോഞ്ച്പാഡും വെറ്റിനറി സർവകലാശാലയിലെ ടെക്നോളജി ബിസിനസ്സ് ഇൻകുബേഷൻ സെന്ററും ചേർന്ന് VETRIX 2026 സംഘടിപ്പിക്കുന്നു. 2026 ജൂലൈ 15-ന് പൂക്കോട് വെറ്ററിനറി കോളേജിൽ നടക്കുന്ന പരിപാടിയിൽ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും യുവ സംരംഭകർക്കും പങ്കെടുക്കാം. ആകർഷകമായ സമ്മാനങ്ങളും മികച്ച ടീമുകൾക്ക് ഇൻക്യുബേഷൻ പിന്തുണയും ഒരുക്കിയിരിക്കുന്ന പരിപാടിയിലേക്ക് താൽപര്യമുള്ളവർ www.kagtechlaunchpad.com വെബ് സൈറ്റ് വഴി അല്ലെങ്കിൽ 9995624888 എന്ന ഫോൺ നമ്പറിൽ വിളിച്ചും രജിസ്റ്റർ ചെയ്യാവുന്നതാണ്.

5. കാർഷിക നിർദ്ദേശം

വള്ളിപ്പയറിന്റെ കരിമ്പൻ കേടിനെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കണം. പയറിന്റെ തണ്ടുകളിൽ കറുത്ത പൊട്ടുകളുണ്ടായി ക്രമേണ ഇലകൾ മഞ്ഞളിക്കുകയും പൊഴിഞ്ഞു പോവുകയും ചെയ്യുന്നതാണ് രോഗലക്ഷണം. ഇത് ഒരു മഴക്കാല രോഗമാണ്.

ഇതിനെ പ്രതിരോധിക്കുന്നതിന് സ്യൂഡോമോണാസ് ഫ്ളൂറസൻസ് 20 ഗ്രാം ഒരു ലിറ്റർ  വെള്ളത്തിൽ കലക്കി ഇലകളിലും തണ്ടുകളിലും തളിക്കുന്നത് ഫലപ്രദമാണ്.